## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 09.08.2023 മുതൽ 13.08.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 32/2023,(63) ചൊവ്വാഴ്ച | തീയ്യതി 08/08/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഓഗസ്റ്റ് 02 മുതൽ ഓഗസ്റ്റ് 08 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ഓഗസ്റ്റ് 09 മുതൽ ഓഗസ്റ്റ് 13 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 02/08 | 03/08 | 04/08 | 05/08 | 06/08 | 07/08 | 08/08 | തീയ്യതി | | 09/08 | 10/08 | 11/08 | 12/08 | 13/08 |
| 0.0 | 0.0 | 3.9 | 5.0 | 0.1 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0.1 | 0.2 | 0.1 | 0.1 | 0.2 |
| 31.9 | 31.7 | 31.4 | 31.9 | 32.4 | 33.0 | 32.5 | ഉയർന്ന താപനില (°C) | | 33 | 33 | 33 | 33 | 33 |
| 24.4 | 24.9 | 23.4 | 23.6 | 24.5 | 24.5 | 25.0 | കുറഞ്ഞ താപനില (°C) | | 25 | 25 | 25 | 25 | 25 |
| Cloudy | Cloudy | Cloudy | Partially Cloudy | Partially Cloudy | Cloudy | Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Overcast | Overcast | Cloudy | Cloudy |
| Partially Cloudy | Cloudy | Partially Cloudy | Cloudy | Cloudy | Partially Cloudy | | PM | | | | | | |
| 95 | 96 | 95 | 96 | 95 | 92 | 93 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 89 | 89 | 89 | 85 | 83 |
| 67 | 67 | 69 | 63 | 61 | 61 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 70 | 70 | 70 | 70 | 65 |
| 2.1 | 1.9 | 2.2 | 1.8 | 1.7 | 2.0 | 1.9 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 5 | 6 | 5 | 5 | 5 |
| C | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | NW | NW | NW | NW | NW |
| WSW | WNW | NW | SSW | NW | WNW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 9.0 | 1098.3 | 964.9 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ മഴയുടെ തീവ്രത കുറഞ്ഞു വരാൻ സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (ചിനപ്പു പൊട്ടുന്ന പരുവം) | | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി മഗ്നീഷ്യം, സൾഫർ , ബോറോൺ, സിങ്ക്, കോപ്പർ, അയൺ, മാംഗനീസ്, മോളിബ്ഡിനം എന്നിവ അടങ്ങിയിട്ടുള്ള കാർഷിക സർവ്വകലാശാലയിൽ ലഭ്യമായ നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുക. |
| തെങ്ങ് | | തടം തുറന്ന ഓരോ വലിയ തെങ്ങിനും 25 മുതൽ 50 കിലോഗ്രാം വരെ ജൈവവളം തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ് . കൂടാതെ ആഗസ്റ്റ് , സെപ്റ്റംബർ മാസങ്ങളിൽ 0.5 കിലോഗ്രം മെഗ്നീഷ്യം സൾഫേറ്റും ചേർത്ത് കൊടുക്കേണ്ടതാണ്. |
| വാഴ | | ആഗസ്റ്റ് , സെപ്റ്റംബർ മാസങ്ങളിൽ നട്ടു തുടങ്ങുന്ന വാഴകൾക്ക് നടുന്ന സമയത്ത് 500 ഗ്രാം കുമ്മായം ഇട്ടുകൊടുക്കുന്നത് നല്ലതാണ്. കൂടാതെ നടുന്ന സമയത്തോ അല്ലെങ്കിൽ നട്ട് ഒരു മാസത്തിനുള്ളിലോ 10 കിലോഗ്രാം കാലിവളമോ, കമ്പോസ്റ്റോ, പച്ചിലയോ ചേർത്ത് കൊടുക്കണം. |
| പച്ചക്കറികൾ (വഴുതന, തക്കാളി, മുളക്) | | വഴുതന, തക്കാളി, മുളക് എന്നീ പച്ചക്കറികൾ നട്ട് 20 മുതൽ 30 ദിവസങ്ങൾക്ക് ശേഷം ഒരു സെന്റിന് 167 ഗ്രാം യൂറിയ, 84 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങൾ കൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:- ബാഹ്യപരാദങ്ങൾക്കെതിരെ കരുതൽ നടപടികൾ കൈക്കൊള്ളുക. മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക. ജലസ്രോതസുകളിൽ രോഗാണുക്കളുള്ള മലിന ജലം കലരാൻ ഇടയുള്ളതിനാൽ അണുനാശിനി ചേർത്ത് ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക (CAADECCS KVASU, Mannuthy).